3. വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്ന കർഷകർക്കുള്ള പ്രോത്സാഹന ധനസഹായം

4. അർബൻ ഫോറസ്ട്രി - നഗരങ്ങളെ ഹരിതാഭമാക്കുന്ന വൃക്ഷവൽക്കരണ പദ്ധതി

5. വനദീപ്തി പദ്ധതി

6. തണ്ണീർത്തടസംരക്ഷണം - കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾ മുഖാന്തിരം വിതരണം ചെയ്യുന്ന കണ്ടൽത്തൈകളുടെ ഉത്പാദനവും വിതരണവും തുടങ്ങിയവ.

(വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കർഷകർക്ക് വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പത്തിനം വൃക്ഷങ്ങൾ നട്ടുപരിപാലിക്കുന്ന കർഷകർക്ക് ഒരു വൃക്ഷത്തിന് 50 രൂപ കണക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്. മുൻ വർഷങ്ങളിൽ ഇപ്രകാരം കർഷകർക്ക് നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക (രൂപ)	റിമാർക്സ്
2012	13,30,905	
2013	17,65,304	14,20,559 രൂപ ഈ വർഷത്തെ ഫണ്ടിൽ നിന്നു മാത്രമേ വിതരണം നടത്തുകയുള്ളൂ.

(സി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഡി) അപ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്കരിച്ച പങ്കാളിത്ത പരിപാലന കർമ്മപദ്ധതിയാണ് " ഹരിതശ്രീ 2014 ". ടി പരിപാടിയിലൂടെ 2014 ജൂൺ മാസം മുതൽ വിദ്യാർത്ഥികളുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി വൃക്ഷത്തൈകൾ നടുകയും, തുടർപരിപാലനം ഉറപ്പാക്കുകയും ചെയ്യുന്ന കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിക്കൽ

8 (*578) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈം ബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജില്ലകളിലെ വിവാദമായ കേസ്സുകളും ലോക്കൽ പോലീസ് അന്വേഷിക്കുന്നതിൽ ആക്ഷേപമുള്ളതുമായ കേസ്സുകളും അന്വേഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പുതിയ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനത്തിൽ കേസ് അന്വേഷിക്കുന്നതിനായി പ്രാഗൽഭ്യവും കഴിവുമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയും കേസ്സുകൾ അവലോകനം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 17-6-2014-ലെ G.O(MS) No.124/14/Home പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്.

(ബി) ക്രൈംബ്രാഞ്ച് (സി.ബി.സി.ഐ.ഡി.) വിഭാഗത്തിന്റെ അന്വേഷണ ഭാരം കുറയ്ക്കുക, ജില്ലാ തലത്തിൽതന്നെ സെൻസേഷണൽ കേസ്സുകളുടെ അന്വേഷണം ഫലപ്രദമായി നടത്തുക എന്നീ ലക്ഷ്യങ്ങളാണ് ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) അന്വേഷണ വൈദഗ്ദ്ധ്യമുള്ള പോലീസുദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ നിയമിക്കുന്നത്. ACP/DySP റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ, 14 എസ്.ഐ, 14 SCPO, 6 CPO (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസ്സുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലായെന്ന് കണ്ടെത്തുന്ന കേസ്സുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി. മാർ, റേഞ്ച് ഐ. ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസ്സുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈം ബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്.

(ഡി) കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്. ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala.Legislative Assembly